പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1115 20.03.2012 ൽ മറുപടിയ്ക്ക്

<u>ജില്ലകളും താലൂക്കുകളും പുന:സംഘടിപ്പിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജില്ലകളും താലൂക്കുകളും പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി)യും (സി)യും | ജനസാംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുന:സംഘടന/ രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റിൻെറ സഹായ ത്തോടെ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ (7) ആയി പട്ടാമ്പി താലൂക്ക് രൂപീകരണത്തെ ക്കുറിച്ച് പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ വള്ളുവനാട് ജില്ല, പട്ടാമ്പി താലൂക്ക് എന്നിവയുടെ രൂപീകരണ കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) 16 അസംബ്ളി നിയോജകമണ്ഡലങ്ങളുള്ള മലപ്പുറം,12 അസംബ്ളി നിയോജക മണ്ഡലങ്ങളുള്ള പാലക്കാട്, വലിയ ജില്ലയായ തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്ന് ചില പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് വള്ളുവനാട് ജില്ല രൂപവൽക്കരിക്കേണ്ട ആവശ്യം സർക്കാർ പരിഗണിക്കുമോ; | | |
| (സി) ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ